## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2811** **10.12.2014-ലെ മറുപടിയ്ക്ക്.**

## തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. വി.എസ്. സുനിൽകുമാർ :<br>ശ്രീ. ഇ.കെ. വിജയൻ :<br>ശ്രീ. ചിറ്റയം ഗോപകുമാർ:<br>ശ്രീ. കെ. രാജു : | **ശ്രീ. ഷിബു ബേബിജോൺ**<br>(തൊഴിലും നൈപുണ്യ വും വകുപ്പു മന്ത്രി) |
| (എ) തൊഴിലില്ലായ്മ വേതനം നല്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം, ഓരോ ജില്ലയിലും ഇപ്പോൾ എത്ര പേർക്ക് വീതം തൊഴിലില്ലായ്മ വേതനം നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) തൊഴിൽരഹിത വേതനം ലഭിക്കുന്നതിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>എ) എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിന് ശേഷം തുടർച്ചയായി 3 വർഷം തൊഴിലൊന്നും ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവർ<br><br>ബി) വാർഷിക കുടുംബ വരുമാനം 12000/- രൂപയിലും അപേക്ഷകന്റെ വ്യക്തിഗത വരുമാനം പ്രതിമാസം 100/- രൂപയിലും കവിയാൻ പാടില്ല.<br><br>സി) അപേക്ഷകൻ/അപേക്ഷക എസ്.എസ്.എൽ.സി. യോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം. എസ്.സി./എസ്.റ്റി വിഭാഗക്കാർ എസ്.എസ്.എൽ.സി. പരീക്ഷ പാസാക ണമെന്നില്ല. അവർ ടി പരീക്ഷയ്ക്ക് ഹാജരായാൽ മതിയാകും. വികലാംഗ രായ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിന് ശേഷം തുടർച്ചയായി 2 വർഷത്തെ സീനിയോറിറ്റിയും എസ്.സി/എസ്.റ്റി വിഭാഗക്കാർക്ക് തത്തുല്യമായ വിദ്യാഭ്യാസ യോഗ്യതയും മതിയാകും. |